
DIGITAL MAGAZINE SRI VITTOBA VAYAMKULAM
little KITEs
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS
2020
വർണ്ണങ്ങൾ

## ഹെഡ് മിസ്ട്രസ് സന്ദേശം


വിജ്ഞാനം വിരൽ തുമ്പിൽ എത്തി നിൽക്കുന്ന പുതിയ കാലഘട്ടത്തിൽ വിവരവിനിമയ സാങ്കേതികവിദ്യയിൽ കുട്ടികളെ പ്രാപ്തരാകുന്നതിനും അതുവഴി ഹൈടെക്ക് മുറികളിൽ പഠനപ്രവർത്തനങ്ങൾ എളുപ്പമാക്കുന്ന നിലയിലേക്ക് കുട്ടികളെ നയിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു

ആർ മായാ
**ഹെഡ് മിസ്ട്രസ്**

## എഡിറ്റോറിയൽ

ഈ ഡിജിറ്റൽ മാഗസിൻ ഓരോ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെയും പരിശ്രമത്തിന്റെ ഫലമാണ് . കുട്ടികളുടെ നൈസർഗികമായ ഭാഷാശേഷി ഉൾപ്പെടുത്തിയുള്ള രചനകളും , തനതായ ആശയങ്ങളും , അഭിപ്രായങ്ങളും കോർത്തിണക്കിയാണ് "വർണ്ണങ്ങൾ " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കിയിരിക്കുന്നത് .

അബിൻ അലക്സ്<br>
എഡിറ്റർ



# ശ്രീ വിഠോബാ ഹൈസ്കൂൾ കായംകുളം




കായംകുളം നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ശ്രീ വിഠോബാ ഹൈസ്കൂൾകായംകുളം . 1926-ൽ സ്ഥാപിച്ച ഈ വിദ്യാലയം ആലപ്പുഴ ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

ബ്രിട്ടീഷുകാർക്കെതിരെയുളള ഭാരതിയരുടെ സ്വാതന്ത്ര്യസമരം കൊട്ടുംപിരികോളളുന്ന കാലം. ഗാന്ധിജിയുടെ സമരാഹ്വനങ്ങളും ഉദ്ബോധനകളും പൂർണ്ണമായും ഉൾക്കൊളളുന്ന ഭാരതിയ ജനത, ഇക്കാലത്ത് വിദ്യാസന്പന്നരും ക്രന്തദർശ്ശികളുമായ ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് അവരുടെതായ ദേവസ്വം വക ഒരു സ്കൂൾ ഉണ്ടാക്കണമെന്നുളള ആശയം ഉദിക്കുകയും പ്രമുഖരായ വ്യക്തികളുടെ പരിശ്രമഫലമായി 1926 (എം. ഇ. 04-10-1101) ൽ ശ്രീ വിഠോബാ സ്കൂൾ സ്ഥാപിച്ചു.കാലത്തിനും സമയത്തിനും മാറ്റിമറക്കാനാവാത്ത ചരിത്രമുറങ്ങുന്ന കായംകുളത്തിന്റെ മണ്ണിൽ സംസ്കൃതിയുടെ ഉത്തമ ഉദാഹരണമായി തലയെടുപ്പോടെ നിൽക്കുന്ന ശ്രീ വിഠോബാ ഹൈ സ്കൂൾ ഇന്നും എന്നും ഒളിമങ്ങാതെ ഓർമ്മകൾ സമ്മാനിക്കുന്ന ഒരു സരസ്വതി ക്ഷേത്രമായി ജനമനസുകളിൽ സ്ഥാനം പിടിച്ചു നിൽക്കുന്നു. ബ്രിട്ടീഷുകാർക്കെതിരായുള്ള ഭാരതീയരുടെ സ്വാതന്ത്ര്യ സമരം കൊടുമ്പിരികൊണ്ടിരുന്ന കാലം. ഗാന്ധിജിയുടെ സമരാഹ്വാനങ്ങളും ഉദ്‌ബോധങ്ങളും പൂർണമായും ഉൾകൊള്ളുന്ന ഭാരതീയ ജനത. അക്കാലത്തു വിദ്യാസമ്പന്നരും ക്രാന്തദർശിയുമായിരുന്ന ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായത്തിന് അവരുടേതായ ദേവസ്വവും അതിന്റെ വക ഒരു സ്കൂൾ ഉണ്ടാകണമെന്നുള്ള ആശയം ഉദിച്ചു. ആദരണീയനായ വക്കീൽ ശ്രീ. എൻ . കൃഷ്ണകമ്മത്ത് , ജഡ്ജി ശ്രീ നാരായണ റാവു , ശ്രീ ബാപ്പുറാവു , ശ്രീ എ രാമ പൈ എന്നിവരുടെ പരിശ്രമഫലമായി 1926 (എം.ഇ.4/10/1101)ൽ ശ്രീ വിഠോബാ ഹൈസ്കൂൾ സ്ഥാപിച്ചു. 4th ട്രാവൻകൂർ ജി എസ് ബി പരിഷത്തിന്റെ പ്രസിഡന്റും , എറണാകുളം മഹാരാജാസ് കോളേജിലെ രസതന്ത്രവിഭാഗം പ്രൊഫസറുമായ ശ്രീ ശ്രീനിവാസപൈ അവർകൾ സ്കൂളിന്റെ പ്രവർത്തനോത്ഘാടനം നിർവഹിച്ചു . 1952 ല് ഈ സ്ഥാപനം ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

### ഭൗതികസൗകര്യങ്ങൾ

കായംകുളം പട്ടണത്തിനോട് ചേർന്ന് എൻ. എച്ചിന്റെ കിഴക്കായി 2.25 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന വിദ്യാക്ഷേത്രമാണിത്. അഞ്ചു കെട്ടിടങ്ങളിലായി 22 ക്ലാസ്സമുറികൾ വിദ്യാർത്ഥികളുടെ പഠനസൗകര്യാർത്ഥം ഇവിടെ സജ്ജമാണ്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നവിധത്തിലുള്ള മെച്ചപ്പെട്ട

ലൈബ്രറി, ലാബ് (science, I.T, maths)സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ്സ്മുറികൾ എന്നിവ ഇവിടെ ലഭ്യമാണ്. വിശാലമായ കളിസ്ഥലങ്ങൾ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. P.T.A യുടെ അവസരോചിതമായ ഇടപെടലുകളും സ്കൂൾ പ്രവർത്തനങ്ങളുടെ വിജയത്തിന് ചാലകശക്തിയായി വർത്തിക്കുന്നു. 8 ക്ലാസ്സ് മുറികൾ ലാപ്പ്ടോപ്പ്,പ്രൊജക്ടർ, നെറ്റ്കണക്ഷനോടുകൂടിയ ഹൈടെക് ആയി മാറ്റി. ഈ സൗകര്യങ്ങളോടു കൂടിയ വിപുലമായ പഠനം നടക്കുന്നു. സ്കൂളിന് 18 ക്ലാസ്സ് മുറികള്, സയൻസലാബ്, ലൈബ്രറി, കംപ്യൂട്ടർ ലാബ്, ജൻസ് ടീച്ചേഴ്സ് റൂം, ലേഡീ ടീച്ചേഴ്സ് റൂം, ഓഫീസ് റൂം, ആൺകുട്ടികൾക്കും പെൺകുട്ടികള്ക്കും അധ്യാപകർക്കും പ്രാഥമിക കൃത്യനിർവ്വഹണത്തിനുവേണ്ടി നവീകരിച്ച 16 ടോയിലറ്റുകൾ. കുട്ടികള്ക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള കഞ്ഞിപ്പുര എന്നിവയുണ്ട്.

- ഫിസിക്സ് ലാബ്

8,9,10 ക്ളാസ്സുകളിലേക്കാവശ്യമായ ഭൗതികശാസ്ത്രപഠനോപകരണങ്ങൾ ഉൾക്കൊള്ളുന്ന ഫിസിക്സ് ലാബ് ഹൈസ്കൂളിൽ ലഭ്യമാണ്. മാസത്തിൽ ഒരിക്കലെങ്കിലും എല്ലാ ക്ളാസിലെ കുട്ടികൾക്കും ലാബിൽ ക്ളാസ് ലഭിക്കുന്നു.സയൻസ് എക്സിബിഷൻ മൽസരങ്ങൾക്ക് കുട്ടികൾക്ക് പരിശീലനം നൽകാനും ലാബ് സഹായകമാണ്.കുട്ടികൾ സ്വയം ഇംപ്രൊവൈസ് ചെയ്ത ഉപകരണങ്ങളുടെ പ്രദർശനവും ഇവിടെ നടത്തുന്നു.

- കെമിസ്ട്രി ലാബ്

ഹൈസ്കൂൾ ക്ളാസ്സുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ , രാസവസ്തുക്കൾ എന്നിവ ഉള്ള കെമിസ്ട്രി ലാബ് ഞങ്ങളുടെ സ്കൂളിലുണ്ട്. അദ്ധ്യാപകർ കുട്ടികളുടെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്തു കാണിക്കുന്നു. അപകടരഹിതമായ പരീക്ഷണങ്ങൾ കുട്ടികൾക്ക് തനിയെ ചെയ്തു നോക്കാനുള്ള അവസരവും നൽകുന്നു.

- ബയോളജി ലാബ്

മനുഷ്യശരീരത്തിന്റെയും ജന്തുക്കളുടെയും ഘടനയും പ്രവർത്തനരീതികളും കാണിക്കുന്ന ധാരാളം മോഡലുകൾ ഞങ്ങളുടെ ബയോളജി ലാബിലുണ്ട്.അതു കൂടാതെ മൈക്രോസ്കോപ്പ് ഉപയോഗിച്ച് സസ്യകലകളും മറ്റും കുട്ടികളെ കാണിക്കുകയും ചെയ്യുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്.
- ലിറ്റിൽ കൈറ്റ്സ്
- സ് റ്റുഡന്റ്സ് പോലീസ് കേഡറ്റ്
- ജൂനിയർ റെഡ് ക്രോസ്സ്
- നല്ല പാഠം
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- അഡൾട്ട്ടിങ്കറിങ് ലാബ്
- SPACE ക്ലബ്

# എസ്സ്.എസ്സ്.എൽ .സി   2018-19

എസ്സ് .എസ്സ്.എൽ .സി 2018-19 ഫലം   15 കുട്ടികൾക്ക് ഫുൾ ഏ പ്ലസ്സ്. , 4 കുട്ടികൾക്ക് 9 ഏ പ്ലസ്സ്., 11 കുട്ടികൾക്ക് 8 ഏ പ്ലസ്സ്. 144 കുട്ടികൾ ഉന്നത വിജയം നേടി ഉപരിപഠനത്തിന് യോഗ്യത നേടി.



# പ്രവേശനോത്സവം 2019 -20



2019 - 20 അധ്യയന വർഷത്തെ പ്രവേശനോത്സവം ജൂൺ മാസം ഏഴാം തീയതി നടന്നു. സ്കൂൾ  മാനേജർ സുരേഷ് കുമാർ , ശ്രീ വിഠോബാ ദേവസ്വം പ്രസിഡണ്ട് മുരളി എം പ്രഭു , വൈസ് പ്രസിഡന്റ് പ്രസാദ് ഷേണായ് , പി ടി എ പ്രസിഡന്റ് സന്തോഷ് കുമാർ, വൈസ് പ്രസിഡന്റ് പ്രദീപ് കുമാർ , നഗരസഭാ വൈസ് ചെയർ മാൻ ആർ ഗിരിജ , സ്കൂൾ എച്ച് എം ഇൻ ചാർജ് ബീന , സീനിയർ അദ്ധ്യാപിക ശോഭ ടീച്ചർ , സ്റ്റാഫ് സെക്രട്ടറി സുധന്യ എന്നിവർ സംസാരിച്ചു .

## മികവുകളുടെ പ്രദർശനം



**2019- 20 അധ്യയന വർഷത്തെ പ്രവേശനോത്സവവുമായി ബന്ധപ്പെട്ട മുൻവർഷത്തെ മികവുകളുടെ പ്രദർശനം നടന്നു. ഇതിനായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മുൻവർഷത്തെ ഫോട്ടോകൾ സംഘടിപ്പിച്ചു. ഈ ഫോട്ടോകൾ Libre Office Impress എന്ന സങ്കേതം ഉപയോഗിച്ചു ഒരു പ്രസന്റേഷൻ തയാറാക്കി. കുട്ടികൾ ഓരോ ഫോട്ടോകളെയും കുറിച്ച് ഒരു വിവരണം നടത്തി . ഇതു രക്ഷാകർത്തകൾക്കും കുട്ടികൾക്കും സ്കൂളിനെ കുറിച്ചും , അത് മുൻകാലങ്ങളിൽ നേടിയ നേട്ടങ്ങളെ കുറിച്ചുമുള്ള ഒരു ധാരണ നല്കാൻ സഹായിച്ചു . ഈ പ്രദര്ശനത്തെ സ്കൂൾ പി ടി എ , കൂടാതെ ചടങ്ങു ഉൽഘടനം ചെയ്ത കായംകുളം നഗരസഭാ വൈസ് ചെയർ മാൻ എന്നിവർ പ്രശംസിച്ചു**

## ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കായുള്ള പ്രിലിമിനറി ക്ലാസ്



2019-21 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായുള്ള ഏകദിന ക്യാമ്പ് (പ്രിലിമിനറി ക്ലാസ് ) ജൂൺ 13 ,വ്യാഴാഴ്ച 9.30 മുതൽ കൈറ്റ്സ് റൂമിൽ നടന്നു. മാസ്റ്റർ ട്രെയിനർ ഉണ്ണികൃഷ്ണൻ സർ ക്യാമ്പിന് നേതൃത്വം നൽകി. കൈറ്റ്സ് മാസ്റ്റേഴ്സ് സന്തോഷ് , സുമ ദേവി എന്നിവരും ക്ലാസുകൾ കൈകാര്യം ചെയ്തു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ലക്ഷ്യം , പ്രവർത്തനങ്ങൾ , സാധ്യതകൾ എന്നിവ കുട്ടികൾക്ക് മനസിലാക്കാൻ ക്യാമ്പ് ഉപകരിച്ചു. 3 D അനിമേഷൻ സോഫ്റ്റ്‌വെയർ ബ്ലെൻഡർ (Blender) , പ്രോഗ്രാമിങ് സോഫ്റ്റ്‌വെയർ Scratch എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തി.

## *പത്താം ക്ലാസ് - ഒരു വേദനിപ്പിക്കുന്ന സുഖം*



മീനാക്ഷി സോമരാജൻ

10 C

പത്താം ക്ലാസ് അത് എല്ലാവരുടെയും ഒരു പേടി സ്വപ്നമാണ് . ആ പേടി പത്താം ക്ലാസ്സിന്റെ ആരംഭത്തിൽ തുടങ്ങുന്നതല്ല . എട്ടാം ക്ലാസ് മുതൽ തുടങ്ങുന്നതാണ് . ജീവിതത്തിന്റെ നിർണായക ഘട്ടം . തുടർന്ന് എവിടെ പഠിക്കണമെന്നും ഏതു വിഷയം എടുക്കണമെന്നും പത്താം ക്ലാസ്സിലെ എ പ്ലസ് തീരുമാനിക്കും . എന്റെ വീട്ടിൽ ഞാനാണ് മൂത്ത കുട്ടി . അതിനാൽ തന്നെ എന്റെ രക്ഷകർത്തകൾക്കു പ്രത്യേകിച്ച് എന്റെ അമ്മക്ക് എന്നിലൂടെ അത് നിറവേറ്റി കാണാനും അതുമൂലം എന്റെ അനിയത്തിക്ക് ഒരു മാതൃക നൽകാനും അതിയായ ആഗ്രഹം ഉണ്ട് .കണ്ണടച്ച് തുറക്കും മുമ്പ് പത്താം ക്ലാസ്സിലായി . ഞാൻ വളർന്നത് ഞാൻ അറിഞ്ഞില്ലെങ്കിലും കാലം അത് തിരിച്ചറിഞ്ഞു . പത്താം ക്ലാസ് ജീവിതത്തിന്റെ നിർണായക ഘട്ടമാണെങ്കിലും ആ വഴിത്താരയിൽ ചില സുഖങ്ങൾ തരുന്ന നൊമ്പരങ്ങൾ എന്നും കൂട്ടിനുണ്ടാകും

# TEACHERS




*Listen to us oh, teachers dear*
*full of knowledge you are*
*and it is clear*

*Your name is fair as the silvery moon*
*for removing illiteracy you are a great boon !*

*As the moon shines through out the night*
*The moon is known as the night queen*
*but you all are the queen of queens*
*your high thoughts, works and deeps*
*shine like brilliant glossy sheets*
*you shower on us your shimmering says*

*Do lead us towards happier day*
*your every move and action*
*is worthy of our admit on*
*of your appreciation*

*You dedicated your life for our sake*
*placed all your measures as its sake*
*you work with full co-operation*

*We bow before your authority ability*
*nobility and generosity*

*We pray to god that you may live*
*a long life in prosperity*
*while we pledge to work with sincerity*



Shahid .M
IX C

# കരുതിയിരിക്കുക : സൈബർ കെണികളെ




**2017-ൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് രാജ്യത്ത് 53,000 സംഭവങ്ങൾ റിപ്പോർട്ട്ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. വെബ്സൈറ്റുകളിലെ നുഴഞ്ഞുകയറ്റം മുതൽ അപകീർത്തിപ്പെടുത്തൽവരെ, ചെറുതും വലുതുമായ കേസുകൾ ഉൾപ്പെടെയാണിത്. സൈബർ കുറ്റകൃത്യങ്ങളുടെ പട്ടിക വിശാലമാണ്. സാമ്പത്തിക കുറ്റകൃത്യങ്ങൾവരെ പട്ടികയിൽ വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ വർധിക്കുകയാണെന്ന് ദേശീയ ക്രൈംറെക്കോഡ്സ് ബ്യൂറോയുടെ കണക്കുകളും വ്യക്തമാക്കുന്നു. 2014-ൽ രാജ്യത്താകെ 9622 കേസാണ് റിപ്പോർട്ടുചെയ്തത്. 2015-ൽ 11,592, 2016-ൽ 12,317 എന്നിങ്ങനെപോകുന്നു കണക്കുകൾ.**

## ഒഴിവാക്കേണ്ടത് ഇവ

*ശ്രദ്ധിക്കേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. പോസ്റ്റുകൾ ഷെയർചെയ്യുമ്പോഴും ലൈക്കടിക്കുമ്പോഴും കരുതൽ വേണം. സൈബർ കുറ്റകൃത്യങ്ങളിൽ പലതും മൂന്നുവർഷംമുതൽ ജീവപര്യന്തംവരെ തടവുലഭിക്കാവുന്നവയാണ്.*

**ഒഴിവാക്കേണ്ട ചിലത് :**

- ഭീഷണിപ്പെടുത്തുന്ന തരത്തിലുള്ളവ അശ്ലീലം, അസഭ്യം, മാനസിക പീഡനത്തിനിടയാക്കുന്നവ
- അപകീർത്തിപ്പെടുത്തുന്നത്
- ഭീകരവാദം പ്രോത്സാഹിപ്പിക്കുന്നത്
- ചതിക്കും വഞ്ചനയ്ക്കും കാരണമാകുന്നവ
- കെട്ടിച്ചമച്ച വാർത്തകൾ
- വ്യാജ രേഖകൾ
- കുട്ടികളുടെ ചിത്രങ്ങളുടെ ദുരുപയോഗം
- വ്യാജ പ്രൊഫൈലുകളും ഫോൺനമ്പറുകളും ഉപയോഗിച്ച് മറ്റുള്ളവരുമായി സംവദിക്കൽ. അത്തരക്കാരെ പ്രോത്സാഹിപ്പിക്കൽ



ആനന്ദ് ജെ കെ
IX B

## ജൂൺ 21 : യോഗ ദിനാചാരം



ഭാരതത്തിന്റെ പൗരാണിക പാരമ്പര്യത്തിന്റെ വില മതിക്കാനാവാത്ത സംഭാവനയാണ് യോഗ. ഈ പാരമ്പര്യം അയ്യായിരം വർഷത്തിലേറേ പഴക്കമുള്ളതാണ്. അത് ശരീരത്തിന്റേയും മനസ്സിന്റേയും ഒരുമ, ചിന്തയും പ്രവൃത്തിയും, നിയന്ത്രണവും നിറവേറ്റലും, മനുഷ്യനും പ്രകൃതിക്കുമിടയിലുള്ള സന്തുലിതാവസ്ഥ, ശാരീരിക-മാനസിക ഘടകങ്ങളെ സമീപിച്ചു കൊണ്ട് ആരോഗ്യപരമായിരിക്കുക എന്നീ ഘടകങ്ങളെ ഉൾക്കൊള്ളുന്നു. അത് കേവലം ഒരു വ്യായാമമല്ല, മറിച്ച് നമ്മളും ലോകവും പ്രകൃതിയും ഒന്നാണെന്നുള്ള തിരിച്ചറിവാണ്. നമ്മുടെ മാറ്റപ്പെട്ട ജീവിത ശൈലികളെ മനസ്സിലാക്കി ബോധം ഉണ്ടാക്കുന്നതിനാൽ കാലാവസ്ഥാ വ്യതിയാനത്തെ പോലും കൈകാര്യം ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നു. അന്താരാഷ്ട്ര യോഗാ ദിനത്തോടനുബന്ധിച്ച് കായംകുളം ശ്രീ വിഠോബ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കായി sky system of yoga യുടെ നേതൃത്വത്തിൽ യോഗാ ക്ലാസ് നടന്നു .

## ആരോഗ്യ ബോധവത്കരണ ക്ലാസ്

25/06/19 ന കുട്ടികൾക്കായി " മഴക്കാല രോഗങ്ങൾ & H1N1" എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു . കായംകുളം ഗവണ്മെന്റ് ഹോസ്പിറ്റലിലെ RBSK (രാഷ്ട്രീയ ബാല സ്വാസ്ഥിക് കാര്യക്ര ം) നിന്നുള്ള അമ്പിളി സിസ്റ്റർ , സ്കൂൾ ഹെൽത്ത് കോർഡിനേറ്റർ പൂർണിമ ടീച്ചർ എന്നിവർ ക്ലാസ് നയിച്ചു



## ജൂൺ 26 : ലഹരി വിരുദ്ധ ദിനം



ആധുനിക ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന വലിയ പ്രശ്നങ്ങളിൽ ഒന്നാണ് ലഹരിമരുന്നുകളുടെ ഉപയോഗം.കണക്കുകൾ അനുസരിച്ച് ഏകദേശം ലോകജനസംഖ്യയുടെ 1/4 ഭാഗം ലഹരിമരുന്നുകളുടെ അടിമകളാണ്. ഇന്ത്യയിൽ ഏകദേശം 40 കോടിയോളം ജനങ്ങൾ ഇതിന്റെ അടിമകളാണ്. ഇതിൽ ഭൂരിപക്ഷവും യുവജനങ്ങൾ തന്നെ. വർഷം തോറും ഇതിന്റെ സംഖ്യ കൂടിക്കൊണ്ടിരിക്കുന്നു. സാമ്പത്തികമായ നിലയിൽ വന്ന മാറ്റം, ജീവിതനിലവാരത്തിൽ വന്ന വ്യതിയാനം, അണുകുടുംബം, മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തക്കേടുകൾ എന്നീ കാരണങ്ങളാൽ യുവജനങ്ങൾ ഈ തെറ്റിലേക്കുപോകുവാൻ വഴിവെയ്ക്കുന്നുണ്ട്. ഇതുകൂടാതെ അനേകം കാരണങ്ങളും ഇതിന് പിന്നിൽ ഉണ്ട്. ലഹരിയെന്നാൽ മദ്യാസക്തി എന്നുമാത്രമല്ല അർത്ഥം. മദ്യം, മയക്കമരുന്ന്, പുകയില, പാൻ മസാല തുടങ്ങിയ പദാർത്ഥങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം ഇന്റർനെറ്റ്, മൊബൈൽ, ടി.വി അഡിഷൻ, മതതീവ്രവാദം മുതലായവ എല്ലാം 'ലഹരി'എന്നപേരിൽ ഉൾപ്പെടുന്നു. ലഹരിയുടെ ഉപയോഗം കൊണ്ട് ഉണ്ടാകുന്ന കെടുതികൾ വളരെ ആഴത്തിൽ സമൂഹത്തെയും, കുടുംബത്തെയും ബാധിക്കുന്നു. വിഷമദ്യദുരന്തങ്ങൾ, റോഡപകടങ്ങൾ, മാരകമായ രോഗങ്ങൾ, ആത്മഹത്യ, കൊലപാതകങ്ങൾ, സ്ത്രീപീഡനം, ബാലപീഡനം, വിവാഹ മോചനം, കുടുംബത്തകർച്ച, കോടതികയറ്റം, റാഗിംഗ്, പെൺവാണിഭം, അധോലോക പ്രവർത്തനങ്ങൾ, ആത്മീയവും ധാർമ്മികവുമായ നിലവാര തകർച്ച എന്നിവ വർദ്ധിക്കുന്നു. ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ കുട്ടികൾക്ക് മനസിലാക്കാൻ വേണ്ടി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനം ആചരിച്ചു. ഇതിൻ്റെ ഭാഗമായി ഒരു പോസ്ററർ പ്രദർശനം നടത്തി കൂടാതെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു

# KUTHIYOTTAM (കുത്തിയോട്ടം )





**ASWIN A**

*9 C*

Kuthiyottam , sometimes spelled Kutiyottam , is a ritual youth dance and in some cases of mock blood sacrifice, found at annual Pongala festival celebrations at some Hindu temples in Kerala dedicated to Bhadrakali or Durga – a warrior goddess. This ritual features volunteer teenage or younger boys who live under austere condition over the festival period in the Malayalam calender month of kumbham. They wear ascetic clothes , abstain from meat and eat simple food , participate in daily prayers in the temple . They also dress up in ceremonial clothes and perform as singers and dancers under the guidance of an asan (conductor).These dances are synchronized with the legends of the goddess. These dances are highly energetic , paced to the beat of drums , with singers and feature traditional In some kuthiyottom dances and processions such as at the Bhadrakali temple of Chettikulengara ,Alappuzha , district of Kerala, the dance make up for the boys includes either symbolic blood or real blood from the piercing of their skin. The link with blood is believed by the kuthiyottom troupe as symbolizing the wounded soldiers of the goddess. The boys are typically from high castes of Kerala and some scholars have speculated such kuthiyottom practices as having roots in "mock human sacrifice" practice of ancient Kerala.

## e – സാക്ഷരത



ശ്രീ വിഠോബാ ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീ പ്രവർത്തകർക്കായി e - സാക്ഷരത ക്ലാസ് നടന്നു . കായംകുളം ക്ലസ്റ്ററിലെ വിവിധ കുടുംബശ്രീ യൂണിറ്റുകളിലെ 35 അംഗങ്ങൾ ഇതിൽ പങ്കെടുത്തു . ഇന്റർനെറ്റ് , e - മെയിൽ , മൊബൈൽ ബാങ്കിങ് എന്നിവയെ കുറിച്ചുള്ള ക്ലാസ് നടന്നു . ചില അംഗങ്ങൾക്ക് e -മെയിൽ അഡ്രെസ്സ് നിർമ്മിച്ചു നൽകി .


## ലോക ഇന്റർനെറ്റ് സുരക്ഷ ദിനം



ഇന്നത്തെ യുവ തലമുറ മൊബൈൽ ഫോൺ , ഇന്റർനെറ്റ് എന്നിവയുടെ അടിമകളായിരിക്കുന്നു . അറിഞ്ഞും അറിയാതെയും പലതരം ചതിക്കുഴികളിൽ ഇവർ വീഴുന്നുണ്ട് . നമ്മുടെ കൈറ്റ്സ് അംഗങ്ങൾക്ക് ഇത് മനസിലാക്കുന്നതിനായി ഒരു സൈബർ ക്ലാസ് സംഘടിപ്പിച്ചു . എസ് പി സി സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ശ്രീ ഉണ്ണികൃഷ്ണപിള്ള ക്ലാസ് ഉത്ഘാടനം ചെയ്തു . ജൂനിയർ കൈറ്റ്സ് ആനന്ദ് ജെ കെ ഇന്റർനെറ്റിന്റെ ആരംഭത്തിനെ കുറിച്ചുള്ള ഒരു വീഡിയോ പ്രദർശിപ്പിച്ചു . തുടർന്ന് കൈറ്റ് മാസ്റ്റർ സന്തോഷ് കെ " സൈബർ ക്രൈം " എന്ന വിഷയത്തിൽ പ്രസന്റേഷൻ നടത്തി . തുടർന്ന് ഇന്റർനെറ്റിനെ കുറിച്ചുള്ള ഒരു ക്വിസ് പ്രോഗ്രാം ശ്രീനിവാസ പൈ നടത്തി

# GENERATION GAP





**Abin Alex**
9B

It has been observed in recent years that the difference attitude and behaviour between elders and younger people in a family has increased this is a termed as generation gap .Generation gap as given rise to serious social problems.

The elders complain lack of respect casual attitude and indiscipline among the youngest. The younger people change with dictatorial attitude by processing and out dated thinking they view each other with suspicious and any casual remarks is seen as a challenge to their self respect and Individuality

why does this generation gap occurs weren't all the elders youngsters ones ? will not all youngsters become elders in future ? this is true but the perspective of older and younger generation respective of this truth elders would have Imbibed the values behaviours and attitude of their tune and insist that children follow the same . They would like the children to benefit from there experience . They are shocked to see children making fun of their values and questions their traditions costumes .

The younger generation also contributes to the confusions they question their feel nothing wrong in arguing with or correcting their elders they went to be left alone to read life. The way they went without elders constantly breathing down their necks the generation gap can be bridged by elders and youngsters assuming the role of friends and not of rules and the ruled old generation can in enrich the river by new thinking and adjusting them to new situation while the younger generation can make their life meaningful by benefiting from the experience of the elders then the gap disappear and will be replaced by harmony.

## e - മിത്ര



നമ്മുടെ സ്കൂളിൽ പഠിക്കുന്ന അഞ്ചു മുതൽ ഏഴു വരെയുള്ള തിരഞ്ഞെടുത്ത കുട്ടികൾക്കായി കമ്പ്യൂട്ടർ പരിശീലനം നൽകുന്നു .വിവരവിനിമയ സാങ്കേതികവിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുക. ആനിമേഷൻ ,ഭാഷാ കമ്പ്യൂട്ടിംഗ് ,ഇലക്ട്രോണിക്സ് സാങ്കേതിക വിദ്യ , ഹൈ ടെക് സ്കൂൾ പദ്ധതി പ്രകാരം യു പി ക്ലാസുകൾ ഡിജിറ്റൽ ആകുന്നതിന്റെ മുന്നോടിയായി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുക, ഇന്റർനെറ്റിലെ ചതിക്കുഴികൾ എന്നിവയെക്കുറിച്ചുള്ള അവബോധം, എന്നിവയാണ് ഇതിന്റെ ലക്ഷ്യം . ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് ഈ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത് .

## പെൺ കുട്ടികൾക്കായുള്ള കൗമാര വിദ്യാഭ്യാസം



മനുഷ്യജീവിതത്തിൽ ബാല്യത്തിനും യൗവനത്തിനും ഇടയ്ക്കുള്ള, ശാരീരികവും മാനസികവുമായ സങ്കീർണ്ണ പരിവർത്തനഘട്ടമാണ് കൗമാരം. 10 വയസ്സുമുതൽ 19 വയസ്സുവരെയുള്ള വളർച്ചാ-വികാസഘട്ടമാണ്.ശാരീരിക വളർച്ചയ്ക്കൊപ്പം മാനസികവളർച്ചയും ലൈംഗികശേഷിയും ഉണ്ടാകുന്നതിനാൽ ചിന്താരീതിയിലും വൈകാരിക മണ്ഡലത്തിലും കാര്യമായ വ്യതിയാനങ്ങൾ രൂപപ്പെടുന്നതിനാൽ ഈ കാലഘട്ടം മനഃശാസ്ത്രജ്ഞരുടേയും ശിശുഗവേഷകരുടേയും വിദ്യാഭ്യാസ വിചക്ഷണരുടേയും ആരോഗ്യ വിദഗ്ധരുടെയും സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു.

ഹോർമോണുകളുടെ വർദ്ധനവ്, വേഗത്തിലുള്ള ശാരീരിക വളർച്ച, പക്വതക്കുറവ്, ചുറ്റുപാടുകൾ ഏൽപ്പിക്കുന്ന സംഘർഷങ്ങൾ, സംസ്കാരം, മതം, ആചാരം, പാരമ്പര്യം, ലിംഗഭേദം എന്നിവയുടെ സ്വാധീനം; പോഷകാഹാരം, മാധ്യമങ്ങളുടെ സ്വാധീനം, കൂട്ടുകാർ, ദാരിദ്ര്യം എന്നിവയെല്ലാം ഈ കാലഘട്ടത്തിൽ ശരീരത്തിന്റെയും മനസ്സിന്റേയും വളർച്ചാ-വികാസങ്ങളെ ബാധിക്കുന്നു.കൗമാരകാലം ആരംഭിക്കുന്നത് ലൈംഗികവളർച്ചയും ശാരീരിക വളർച്ചയും ത്വരിതപ്പെടുന്നതോടെയാണ്.ഇത് മനസിലാക്കി കൊണ്ട് വിഠോബാ ലിറ്റിൽ കൈറ്റ്സ് പെൺകുട്ടികൾക്കായി ഒരു ബോധവത്കര ക്ലാസ് ജൂലൈ മാസം അഞ്ചാം തീയതി സംഘടിപ്പിച്ചു . ഈ കാലയളവിൽ കുട്ടികൾക്കുണ്ടാകുന്ന പേടി , മാനസിക ശാരീരിക പ്രശ്നങ്ങൾ എന്നിവയും , അവർ പ്രവർത്തികമാക്കേണ്ട ആഹാരശീലങ്ങൾ , ശുചിത്വം , വസ്ത്രധാരണാരീതികൾ എന്നിവ പി & ജി പ്രോഗ്രാമെർ ഗോപിക അവതരിപ്പിച്ചു. പല ആശയങ്ങളും , ഈ കാലയളവിൽ കുട്ടികൾ ഉപയോഗിക്കുന്ന വസ്തുക്കളും വീഡിയോയുടെ സഹായത്തോടെ അവതരിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് വനിതാ വിഭാഗം ഈ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

## മണ്ണിനോട് ചേർന്ന്



ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി ആശയം എന്ന കുട്ടികളിൽ വളർത്തുക എന്ന ഉദ്ദേശത്തോടെ പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ പച്ചക്കറി കൃഷി തുടങ്ങി

## എസ് പി സി സീനിയർ കുട്ടികളുടെ പാസിംഗ് ഔട്ട് 2019



എസ് പി സി സീനിയർ കേഡറ്റിസിന്റെ പാസിംഗ് ഔട്ട് പരേഡ് കൃഷ്ണപുരം ഗ്രൗണ്ടിൽ നടന്നു. ബഹുമാനപെട്ട കായംകുളം എം ൽ എ അഡ്വ യു പ്രതിഭ മുഖ്യ അതിഥിയായിരുന്നു .പാസിംഗ് ഔട്ട് പരേഡിൽ മികച്ച പ്രകടനം നടത്തിയ കേഡറ്റുകൾക്കുള്ള സമ്മാനദാനം നടന്നു. വാർഡ് കൗൺസിലർ ശ്രീ രാജേഷ് കമ്മത്ത് ചടങ്ങിൽ മുഖ്യ അതിഥിയായിരുന്നു .

## വിദ്യാരംഗം ക്ലബ് പ്രവർത്തനങ്ങളുടെ ഉത്ഘാടനം



------------------------------------

ജൂൺ മാസം 27 ആം തീയതി ബഹു . അനിൽ പ്രസാദ് നിർവ്വഹിച്ചു.സ്കൂൾ പ്രധാനാദ്ധ്യാപിക ആർ മായാ , അദ്ധ്യാപകരായ ബേബി ശ്രീജ , സുമ ദേവി വി എസ് , അനില കുമാരി , സ്റ്റാഫ് സെക്രട്ടറി സ്മിത എന്നിവർ പ്രസംഗിച്ചു . തുടർന്ന് വിദ്യാരംഗം കല സാഹിത്യവേദി അംഗങ്ങൾ വിവിധ കല പരിപാടികൾ അവതരിപ്പിച്ചു വിദ്യാലയ പ്രവർത്തനാരംഭത്തിൽ തന്നെ വായനാദിനാചരണവും വായനാവാരവും ആചരിക്കുക, വായനാമത്സരം നടത്തുക, നല്ല വായനക്കാരെ തെരഞ്ഞെടുക്കുക, വായനയുടെ പ്രാധ്യാന്യം ഉൾക്കൊള്ളുന്ന പ്രബന്ധമത്സരം, പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുക, ലൈബ്രറി പുസ്തക വിതരണം കാര്യക്ഷമമാക്കുക തുടങ്ങിയവ വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളാണ്.

# ജൂനിയർ റെഡ് ക്രോസ് യൂണിറ്റ്

യുദ്ധയിൽ മുറിവേറ്റ ഭടന്മാർക്ക് സേവനം എത്തിച്ചുകൊടുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച റെഡ്ക്രോസ് സംഘടന, സമാധാനകാലത്തും അതിന്റെ ജനസേവന പ്രവർത്തനങ്ങൾക്കൊണ്ട് ഏറെ ശ്രദ്ധേയമായിക്കഴിഞ്ഞു.

റെഡ്ക്രോസ് പ്രവർത്തനങ്ങളുടെ മുഖ്യധാരകളായ ആരോഗ്യം, സേവനം, അന്തർദ്ദേശീയ സൗഹൃദം എന്നിവ വളരുന്ന തലമുറയിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് അവബോധമുണ്ടാക്കുന്നു. യുദ്ധമധ്യത്തിലെ കാരുണ്യപൂരമായി ആവിർഭവിച്ച റെഡ്ക്രോസ് സംഘടനയുടെ പ്രവർത്തനങ്ങൾ ബഹുതലസ്പർശിയാണ്. ഈ സേവന പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനും യുദ്ധവിരുദ്ധ മനോഭാവം വളർത്തുന്നതിനുമുള്ള അടിസ്ഥാനം നൽകുന്നതും റെഡ്ക്രോസാണ്.



2019-20 അധ്യയന വർഷത്തെ ജെ ആർ സി യൂണിറ്റ്

## നല്ല പാഠം യൂണിറ്റിന്റെ മികച്ച പ്രവർത്തനങ്ങളിൽ ചിലത്

### പ്ലാസ്റ്റിക്കിനോടുള്ള .. വിട, ഭൂമിയോടുള്ള കടമ






കേരളം ഒരുദിവസം പുറന്തള്ളുന്നത് ഉദ്ദേശം 10000 ടൺ മാലിന്യം. ഏതെങ്കിലും രീതിയിൽ സംസ്കരിക്കപ്പെടുന്നതു പരപരമാവധി 5000 ടൺ മാത്രം. ബാക്കി 5000 ടൺ മാലിന്യം..കേരളത്തിലങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്നു.ഏതുനിമിഷവുംപൊട്ടിപ്പുറപ്പെട്ടേക്കാവുന്ന പകർച്ചവ്യാധികളിലേക്കുള്ള തീക്കൊള്ളികളാണു നാം കവറിൽ കെട്ടി ഇങ്ങനെ വലിച്ചെറിയുന്നത്...കേരളം നേരിടുന്ന ഏറ്റവും ഗുരുതരപ്രതിസന്ധി മാലിന്യമാണെന്നു മാറിവരുന്ന സർക്കാരുകൾ ഏറ്റുപറഞ്ഞിട്ടും മാലിന്യ സംസ്കരണത്തിനു ഫലപ്രദമായ മാർഗങ്ങൾ ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നത്തിന് ഒരു പരിഹാരം എന്ന രീതിയിൽ നല്ലപാഠം യൂണിറ്റ് അംഗങ്ങൾ പേപ്പർ ബാഗ് നിർമാണം തുടങ്ങി. ഇങ്ങനെ നിർമ്മിക്കുന്ന ബാഗുകൾ സ്കൂളിന് സമീപത്തെ കടകളിൽ വിതരണം ചെയ്യാൻ തീരുമാനിച്ചു. ഈ പദ്ധതിയുടെ ഉത്ഘാടനം ബഹുമാനപെട്ട ആലപ്പുഴ ***എം പി . എ എം ആരിഫ്*** നിർവഹിച്ചു.



കായംകുളം ശ്രീ വിഠോബ സ്കൂളിലെ നല്ലപാഠം കുട്ടികൾ നിർമിച്ച പേപ്പർ കവർ സമീപവാസിയായ വീട്ടമ്മയ്ക്ക് നൽകി എ.എം. ആരിഫ് എംപി പ്ലാസ്റ്റിക് വിമുക്ത ഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്യുന്നു.


## പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയം പദ്ധതിക്ക് തുടക്കമായി

കായംകുളം ● പട്ടണത്തെ പ്ലാസ്റ്റിക് വിമുക്തമാക്കാൻ നഗരസഭയോടൊപ്പം നല്ലപാഠം കുട്ടികളും. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയം പ്ലാസ്റ്റിക്ക് വിമുക്ത ഗ്രാമം എന്നീ പദ്ധതികൾക്ക് കായംകുളം ശ്രീവിഠോബ സ്കൂളിലെ നല്ല പാഠം കുട്ടികൾ തുടക്കം കുറിച്ചു. സ്കൂൾ ഇടവേള സമയങ്ങളിൽ പേപ്പർ കവർ, തുണി സഞ്ചി എന്നിവ നിർമിച്ച് പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ഇവർ നൽകി. ലഘുലേഖകളും നോട്ടിസുകളും പ്രദേശത്തെ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും വിതരണം ചെയ്തു. എ.എം. ആരിഫ് എംപി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ വി.ബാലകൃഷ്ണ ഷേണായി, വിട്ടള ദേവസ്വം പ്രസിഡന്റ് ജി.വിട്ടളദാസ്, പ്രധാനാധ്യാപിക ആർ.മായ, സീനിയർ അസിസ്റ്റന്റ് കെ.ബീന, പിടിഎ പ്രസിഡന്റ് എസ്.സന്തോഷ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. നല്ല പാഠം കോർ-ഓർഡിനേറ്റർമാരായ എൽ.സുധന്യ, എ.അബ്ദുൽ റംഷാജ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



## സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടൽ

കുട്ടികളുടെയും അവർ ജീവിക്കുന്ന ചുറ്റുപാടിലും ഉള്ള പ്രശ്നങ്ങൾ പൊതുജന മധ്യത്തിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതും നല്ലപാഠം യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ പെടുന്നു



## ഞങ്ങളുടെ നടുവൊടിക്കും റോഡ് ഉടൻ നന്നാക്കണം



കായംകുളം പട്ടണത്തിന്റെ പടിഞ്ഞാറു ഭാഗമായ ഗവ.ഹോമിയോ ആശുപത്രി റോഡ് മുതൽ ചിറക്കുളങ്ങര-മൂലേശ്ശേരിൽ-പുളിമുക്ക് ഭാഗം വരെയുള്ള 4 കിലോമീറ്റർ റോഡ് തകർന്നിട്ടു കാലമേറെയായി. നടന്നു പോകാൻ പോലും കഴിയാത്ത വിധം റോഡ് തകർന്നു. ഈ പാതയിലൂടെയുള്ള വാഹനയാത്രയും ദുഷ്കരമാണ്. ഈ വഴിയിലൂടെ പോയ ഒട്ടേറെ ഇരുചക്ര വാഹന യാത്രികരും സൈക്കിളിൽ സ്കൂളുകളിലേക്കും തിരിച്ചു വീട്ടിലേക്കും പോകുന്ന വിദ്യാർഥികളും അപകടത്തിൽ പെട്ടിട്ടുണ്ട്.

സ്കൂൾ ബസിൽ പോലും യാത്ര ചെയ്യാൻ ബുദ്ധിമുട്ടാണ്. വലിയ കുഴികളിൽ ചാടിയാണ് ബസ് പോകുന്നത്. റോഡ് മോശമായതു കൊണ്ട് അത്യാവശ്യത്തിന് ഓട്ടോറിക്ഷ വിളിച്ചാൽ പോലും വരാറില്ല. ബഹുമാനപ്പെട്ട എംഎൽഎയും നഗരസഭാ അധികൃതരും മുൻകൈ എടുത്ത് റോഡ് ശരിയാക്കി ഞങ്ങളുടെ യാത്രാ ദുരിതം മാറ്റണമെന്നാണ് അഭ്യർഥന.

തകർന്ന മൂലേശ്ശേരിൽ-പുളിമുക്ക് റോഡിലെ ഒരു ഭാഗം.

സ്വാതി സന്തോഷ്, 8 ബി, ശ്രീ വിഠോബ എച്ച്എസ്, കായംകുളം

■ ഗവ. ഹോമിയോ ആശുപത്രി റോഡ് മുതൽ ചിറക്കുളങ്ങര-മൂലേശ്ശേരിൽ പുളിമുക്ക് ഭാഗം വരെയുള്ള 4 കിലോമീറ്റർ റോഡ് നന്നാക്കാൻ അടിയന്തര നടപടി വേണമെന്ന് ആവശ്യം

# ലഹരി വിമുക്ത പ്രവർത്തനങ്ങൾ










നല്ലപാഠം യൂണിറ്റിന്റെനേതൃത്വത്തി ൽ കുട്ടികൾ ക്ലാസ്സുകൾ തോറും കയറിയിറങ്ങി ലഹരിക്കെതിരെ ബോധവത്ക്കരണം നടത്തുകയും ലഹരിവിരുദ്ധ പ്രതിജ്ഞ ഏറ്റുചൊല്ലുകയും ചെയ്തു.കൂടാതെ സ്കൂളിന് സമീപ പ്രദേശത്തെ വീടുകളിലും കടകളിലും മദ്യവും ലഹരി വസ്തുക്കളും ഉപയോഗിക്കാത്ത അച്ഛനും സഹോദരങ്ങളും എന്റെ വീടിന്റെ ഐശ്വര്യം എന്ന സ്റ്റിക്കർ ഒട്ടിച്ചു

## GK ക്വിസ്



**Ramsi Siraj**
**9A**

1. ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും വലിയ ദ്വീപ് ?
2. കേരളത്തിലെ ആദ്യത്തെ പത്രം ഏത് ?
3. കേരളത്തിലെ ആദ്യത്തെ ജല വൈദ്യുത പദ്ധതി ?
4. കേരള വിദ്യാഭ്യാസനിയമം രൂപീകൃതമായത് എന്ന് ?
5. കൃഷി ഉപകരണങ്ങൾ നിർമിക്കാനുപയോഗിക്കുന്ന സ്റ്റീൽ ഏതാണ് ?
6. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൽ കരി ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ?
7. ഏത് അവയവത്തെ ആണ് മഞ്ഞപിത്തം ബാധിക്കുന്നത് ?
8. അമേരിക്കയിലെ അടിമത്വം നിർത്തലാക്കിയത് ആര് ?
9. ഉപ്പു സത്യാഗ്രഹം നടന്ന വർഷം ഏത് ?
10. ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ ആദ്യത്തെ വാണിജ്യ കേന്ദ്രം ?
11. ആർക്കാണ് സുപ്രീം കോടതി ജഡ്ജിയെ നീക്കം ചെയ്യാൻ അധികാരം ?
12. ഇന്ത്യൻ ബഹിരാകാശ പരിപാടിയുടെ പിതാവ് ?
13. പാലാവംശക്കാർ പ്രോത്സാഹിപ്പിച്ചിരുന്ന മതം ?
14. 'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു'ആരുടെ രചന ?
15. രാജ കേശവ ദാസിന്റെ പട്ടണം ?

# മൗനം

അറിയാതെ , പറയാതെ പോയ
വാക്കുകൾ ഇന്നും ഒരു
മായാമുറിപായ്  എൻ ഹൃദയത്തിൽ
മൗനം മറയൊക്കി എന്നും .
നീ എൻ മുൻബിൽ
നിൽക്കുബോൾ അറിയാതെ
എൻ മിഴികൾ
   ഈറനണിയവേ.........
കണ്ടിട്ടും കാണാതെ ഭാവത്തിൽ
ഒരു ചെറു പുഞ്ചിരി മാത്രം
 നൽകി നീ എങ്ങോ
 പോയി മറഞ്ഞു.......
കണ്ടിട്ടും കാണാതെ  പോൽ
 നടിച്ചതെന്തിനു വേണ്ടി
 എന്ന ചോദ്യം
      ഇനിയും ബാക്കി......
ഉത്തരം കിട്ടാത്ത ഈ ചോദ്യം
 ഇന്നുമെൻ ഓർമയിൽ
 ആ വാക്കുകളും, നിൻ പുഞ്ചിരിയും
 നിൻ മൗനവും മാത്രം ബാക്കി......



By കാവ്യ
7C

ജില്ലാ കലോത്സവ വിജയി



*മുഹമ്മദ് മുനവർ (യു പി വിഭാഗം*
*ഉറുദു ക്വിസ് ഒന്നാം സ്ഥാനം )*



*നൗഫിയ*
*(യു പി വിഭാഗം ഉറുദു രചന*
*ഒന്നാം സ്ഥാനം )*

# അമ്മ



തൻസില. എൻ
9 A

അകലെ കിനാവിന്റെ ഉമ്മറത്തേന്നമ്മ
അരികെവാ എന്നോതി മാടിവിളിക്കവേ.
അതുകെട്ടൊരടിയും ചലിക്കുവാൻ കഴിയാതെ
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയ്
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയ്
തിരികെട്ടുപോയാ വിളക്കിന്റെ മുൻപിൽ ഞാൻ.
തിരയുന്ന ജീവിത സൗഖ്യങ്ങൾളിക്കരെ
തിരയുന്ന ജീവിത സൗഖ്യങ്ങൾളിക്കരെ
ഉരുകുന്ന മരുവിന്റെ നെഞ്ചിലെ അഗ്നിയിൽ
ഉള്ളിലെ കനവുമെന്നായുരാരോഗ്യവും
ഉള്ളിലെ കനവുമെന്നായുരാരോഗ്യവും
മാറുന്ന കാലത്തിലേറും പരിഷ്കൃതി
പേറുന്ന നീറുന്ന പാവം പ്രവാസികൾ
പേറുന്ന നീറുന്ന പാവം പ്രവാസികൾ
കൊറിയ ചിത്രങ്ങളോർത്ത് ഞാൻ നിൽക്കവേ
ചാറിയ മിഴി നീരിലർഥമാരറിയുവാൻ
ചാറിയ മിഴി നീരിലർഥമാരറിയുവാൻ
ഒരുനാളിൽ ഒരുവേള ഞാനുമെന്നമ്മയും
ഒരുമിച്ച നിൽക്കുന്ന ചിത്രമുണ്ടുള്ളിലായ്





അതിൽനിന്നിറങ്ങി  വന്നെന്നമ്മ പൊന്നമ്മ
അലിവാർന്ന മൊഴികളാൽ കെട്ടിപ്പിടിക്കവേ
അലിവാർന്ന മൊഴികളാൽ കെട്ടിപ്പിടിക്കവേ
അറിയാതെ തേങ്ങികരഞ്ഞുപോയുറവതിൽ
അലയുന്ന കാറ്റിനോടകഥ പറയവേ
അലയുന്ന കാറ്റിനോടകഥ പറയവേ
ഒരു ദിനം സകല സൗഭാഗ്യങ്ങളും പേറി
ഒറ്റമകൻ വരും എന്നു നിനച്ചമ്മ
ഒറ്റമകൻ വരും എന്നു നിനച്ചമ്മ
കാത്തു കാത്തോട്ടുവിൽ മരിച്ചുപോയി
ഒരു നോക്കു കാണുവാൻ കഴിയാത്ത നോവും
മുറിവുമായി
കാണുവാൻ കഴിയാത്ത നോവും മുറിവുമായി
അകലെ കിനാവിന്റെ ഉമ്മറത്തേന്നമ്മ
അരികെവാ എന്നോതി മാടിവിളിക്കവേ.
അതുകെട്ടൊരടിയും ചലിക്കുവാൻ കഴിയാതെ
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയ്
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയ്
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയ്

**ജി. കെ ക്വിസ് ഉത്തരങ്ങൾ**

1. മഡഗാസ്കർ
2. രാജ്യസമാചാരം
3. പള്ളിവാസൽ
4. 1958
5. മൈൽഡ് സ്റ്റീൽ
6. ജാർഖണ്ഡ്
7. കരൾ
8. എബ്രഹാം ലിങ്കൺ
9. 1930
10. സൂറത്ത്
11. പാർലമെന്റ്
12. വിക്രം സാരാഭായ്
13. ബുദ്ധ മതം
14. വയലാർ
15. ആലപ്പുഴ



**സുദർശൻ എസ്, 7C**




ശ്രീ ഗൗരി ആർ കമ്മത്ത് 7C

# നേച്ചർ ക്യാമ്പ്





**ആദിത്യൻ**
**9B**

ഞാനും എന്റെ കൂട്ടുകാരും ഒന്നിച്ച് little kites യൂണിറ്റിൽ നിന്നും നേച്ചർ ക്യാമ്പിനു പോയി. ഞങ്ങൾ എല്ലാവരും ക്യാമ്പിനു പോയ സ്ഥലം ഇടുക്കീജില്ലയിൽ പെരിയാർ ടൈഗർ റിസർവിൽ ആയിരുന്നു. ഞങ്ങൾ പോകുന്ന വഴിക്ക് ഒരുപാട് കാഴ്ചകൾ കാണാൻ പറ്റി. അതുമാത്രമല്ല ഞങ്ങൾ പോകുന്ന വഴിക്ക് പരുന്തും പാറയിൽ ഇറങ്ങി. പിന്നെ ഞങ്ങൾ എല്ലാവരും കൂടി പട്ടം പറത്തി. പിന്നെ ഞങ്ങൾ എല്ലാവരും കൂടി അവിടെയെല്ലാം ചുറ്റിനടന്നു കണ്ടു. നല്ല രസം ഉള്ള കാഴ്ചകളായിരുന്നു. അവിടെ പിന്നെ ഞങ്ങൾ ടൈഗർ റിസേർവിലേക്കു യാത്ര തുടർന്നു . എല്ലാവരും അവിടെ എത്തി കഴിഞ്ഞു വിശ്രമിച്ചതിനു ശേഷം ക്ളാസിനു പോയി അടുത്ത ദിവസം രാവിലെ ഞങ്ങൾ എല്ലാവരും ഒന്നിച്ചു ട്രക്കിങ്ങിനു പോയി . കാട്ടിൽ ഒരുപാട് മൃഗങ്ങളെ കാണാൻ കഴിഞ്ഞു . കാട്ട് പന്നി ,കാട്ട് പോത്ത്,കരിങ്കോരങ് , മലയണ്ണാൻ ,വേഴാമ്പൽ എങ്ങനെ ഉള്ള ഒരുപാട് മൃഗങ്ങളെ കണ്ടു .അത് കഴിഞ്ഞു ഞങ്ങൾ വീണ്ടും ഒരു ക്ലസ്സിനു പോയി അവിടെ വെച്ച് ആ കാടിനെ പറ്റി കൂടുതൽ പഠിക്കാൻ കഴിഞ്ഞു . പിറ്റേന്ന് രാവിലെ bird watching നു പോയി അപ്പോൾ ഞങ്ങൾക്കു കൂടുതൽ പക്ഷികളെ കുറിച്ച് പഠിക്കാനും കാണാനും കഴിഞ്ഞു അന്ന് ഞങ്ങൾക്കു മാനിനെ കാണാൻ കഴിഞ്ഞു പിന്നീട് എല്ലാവരും തിരിച്ചു വരാൻ എല്ലാം തയാറാക്കി വെച്ചു . ഞങ്ങൾ വൈകിട്ട് അവിടുന്ന് യാത്ര തിരിച്ചു വരുന്ന വഴിക്കുംഞങ്ങൾ കുറച്ചു നല്ല കാഴ്ചകൾ കാണാൻ കഴിഞ്ഞു . പിന്നെ ഞാനും എന്റെ കൂട്ടുകാരും സ്കൂളിൽ എത്തിയതിനു ശേഷം വീട്ടിലേക്കു പോയി. ഞാനും എന്റെ കൂട്ടുകാരും സ്കൂളിൽ എത്തിയതിനു ശേഷം വീട്ടിലേക്കു പോയി .

## Friendship Quotes

**1. A real friend is one who walks in when the rest of the world walks out." – Walter Winchell**

**2. Friendship is born at that moment when one person says to another, 'What! You too? I thought I was the only one."– C.S. Lewis**

**3. "True friendship comes when the silence between two people is comfortable."– David Tyson**

**4. Sweet is the memory of distant friends! Like the mellow rays of the departing sun, it falls tenderly, yet sadly, on the heart."– Washington Irving**

**5. "A single rose can be my garden… a single friend, my world."– Leo Buscaglia**



**Rohit S Ravi**
**9B**

# ചീസി ബ്രെഡ് പ്ലേറ്റ്സ്





മുഹമ്മദ് അഫ്ഫാൻ എ
9B

**ചേരുവകൾ** :- 1. ബ്രെഡ് - അഞ്ച് സ്ലൈസ്
2. മുട്ട - മൂന്നെണ്ണം
3. ക്യാരറ്റ് - കാൽ കപ്പ്
4. ക്യാബേജ് - കാൽ കപ്പ്
5. തക്കാളി - കാൽ കപ്പ്
6. ചീസ് - രണ്ട് സ്ലൈസ്
7. ഗാർലിക്ക് പൗഡർ - കാൽ ടിസ്പൂൺ
8. കുരുമുളക് പൊടി - കാൽ ടിസ്പൂൺ
9.ഒലിവ് ഒയിൽ - മൂന്ന് ടേബിൾ സ്പൂൺ
10. ഉപ്പ് - ആവശ്യത്തിന്

**തയാറാക്കുന്ന വിധം**

ബ്രെഡ് സൈഡ് കളഞ്ഞു എടുക്കുക. രണ്ടു മുതൽ അഞ്ചുവരെയുള്ള ചേരുവകൾ ചേർത്ത് നന്നായി മിക്സ് ചെയുക. അതിലേക്ക് ഗാർലിക് പൗഡർ കുരുമുളക് പൊടി ഉപ്പ്

എന്നിവ ചേർക്കുക. ഒരു പാൻ എടുത്ത് ചൂടാക്കി അതിലേക്ക് എണ്ണ ഒഴിക്കുക. ഒരേ ബ്രെഡും തയാറാക്കിവെച്ചിരിക്കുന്ന കൂട്ടിൽ മുക്കി പാനിൽ വെക്കുക അതിന്റെ ഇടക്ക് ചീസ് വെക്കുക. അങ്ങനെ ഒരേ ലെയറായി വെക്കുക. ബാക്കിവരുന്ന മുട്ടയുടെ കൂട്ട് മുകളിൽ ഒഴിച്ച് ലോ ഫ്ലായിമിൽ അഞ്ച് മിനിറ്റ് കുക്ക് ചെയുക. അഞ്ച് മിനിറ്റിനു ശേഷം തിരിച്ചിടുക. മുറിച്ചെടുത്ത സെർവ് ചെയാം

# വഴിവിളക്ക്



അർജ്ജുൻ രാജ്
9c

പ്രകാശത്തിന്റെ ദൂതനായി
രാത്രിയുടെ വഴികാട്ടിയായി
പ്രകാശം ചൊരിഞ്ഞു
നിൽക്കുന്ന ഒരു വഴിവിളക്ക്
ജീവിതം മറ്റുളവർക്കായി
സമർപ്പിച്ച വിളക്കേ
നിന്നുടെ ജീവിതം മനുഷ്യന്
ഒരു മാതൃകതന്നെയല്ലോ
മറ്റുള്ളവർക്കായ് സ്വയം
എരിഞ്ഞുതിരുന്ന വിളക്കേ
നിന്നുടെ ജീവിതം
ഞങ്ങളിൽ ത്യാഗത്തിന്റെ
വെള്ളിവിളക്ക് നിർമ്മിക്കുന്നു
മനുഷ്യന്റെ മനസ്സിൽ
ത്യാഗം എന്ന വെളിച്ചം
തെളിച്ച വഴിവിളക്കേ
നിന്നുടെ സ്ഥാനം ഏറ്റവും
ഉന്നതം തന്നെ ........




little
KITEs